കൊച്ചുവേളി റെയിൽവേ ടെർമിനൽ വികസനത്തിന് നടപടി

241 (5131) ശ്രീ.ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചുവേളി റെയിൽവേ ടെർമിനലിന്റെ വികസനത്തിനായി റെയിൽവേ ബോർഡ് എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റെയിൽവേ സ്റ്റേഷനിലേക്കുള്ള ഗതാഗതസൗകര്യം തീരെ അപര്യാപ്തമാണെന്നകാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) ടെർമിനലിന്റെ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) രണ്ടാം ടെർമിനലിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ഒരു പിറ്റ് ലൈൻ ഷെഡ്ഡും ഒരു സിക്ക് ലൈൻ ഷെഡ്ഡും പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. 2 പുതിയ പ്ലാറ്റ്ഫോമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടക്കുന്നു. കൂടാതെ ഫുട്ഓവർ ബ്രിഡ്ജിന്റെ പണി അവസാന ഘട്ടത്തിലാണ്. ഈ ഫുട് ഓവർ ബ്രിഡ്ജിന്റെ പണി പൂർത്തിയായാൽ യാത്രക്കാർക്ക് എയർപോർട്ട് റോഡിലേക്ക് പ്രവേശിക്കാൻ കഴിയും.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) റെയിൽവേ ബോർഡിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

താഴെ പറയുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

4869, 4877, 4894, 4897, 4918, 4919, 4922, 4924, 4933, 4939, 4952, 4957, 4958, 4963, 4964, 4965, 4966, 4970, 4971, 4972, 4974, 4976, 4979 (23 എണ്ണം)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly